**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 649** **24-08-2022 - ൽ മറുപടിയ്ക്ക്**

**കയർ/കൈത്തറി മേഖലകളുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി എന്നിവയുടെ പുനരുജ്ജീവനത്തിലൂടെ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇവയുടെ ഉല്പാദനം, വിപണനം എന്നീ മേഖലകളിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ? | (ബി) | **കയർ വ്യവസായം**<br><br>കയർ വ്യവസായ മേഖലയിൽ ഏറെ വിപണന സാധ്യതകളുള്ള കയർ ഭൂവസ്ത്രം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴ് ജില്ലകളിൽ തദ്ദേശ സ്ഥാപനങ്ങൾ വഴി തോടുകളുടെയും കുളങ്ങളുടെയും ബണ്ടുകളുടെയും സംരക്ഷണ ഭിത്തി ബലപ്പെടുത്തുന്നതിനായി ഉപയോഗപ്പെടുത്തിവരുന്നു. നടപ്പ് സാമ്പത്തിക വർഷം കയർ ഭൂവസ്ത്രത്തിന് കൂടുതൽ ഓർഡറുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുമരാമത്തു വകുപ്പിനു കീഴിലുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിലും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു.<br><br>വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ ഭൂപ്രകൃതിക്കനുസൃതമായി കയർ ഭൂവസ്ത്രത്തിന്റെ വിവിധ ഉപയോഗ സാധ്യതകൾ പരിശോധിച്ച് വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. കൂടാതെ മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും കയർ ഭൂവസ്ത്രം വിപണനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും വിതരണക്കാരെയും ഏജന്റുമാരെയും നിയമിക്കുകയും ഇവർ വഴിയുള്ള വിപണന സാധ്യതകൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ |

ഇന്ത്യയിലെമ്പാടുമുള്ള പ്രധാന റീട്ടെയിൽ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുകയും വൻതോതിൽ കയർ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു.

കയറുല്പന്നങ്ങളുടെ വിദേശ വിപണി കണ്ടെത്തുവാനും കയറ്റുമതി പ്രോത്സാഹിപ്പിക്കുവാനും എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഫോർ ഹാന്റിക്രാഫ്റ്റ്, ഹാൻഡ് ലൂം എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ എന്നിവ വഴി എക്സിബിഷനുകളിലും ബയർ-സെല്ലർ മീറ്റുകളിലും നേരിട്ടും ഓൺ-ലൈനിലുമായി പങ്കെടുത്ത് പുതിയ ഉപഭോക്താക്കളെ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കൈത്തറി വ്യവസായം**

പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിൽ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

യുവ വീവ് പദ്ധതി വഴി 18 നും 40 നും ഇടയിൽ പ്രായമുള്ളവരും നെയ്ത്തിൽ മുൻ പരിചയമില്ലാത്തവരുമായ യുവതി യുവാക്കളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകി സ്വന്തമായി തറിയും നെയ്ത്ത് ഉപകരണങ്ങൾ നൽകുകയും വേജ് കോമ്പൻസേഷൻ ആയി ധന സഹായം നൽകുകയും ചെയ്യുന്നു. അപ്രകാരം കൂടുതൽ നെയ്ത്തുകാരെ കൈത്തറി മേഖലയിലേയ്ക്ക് കൊണ്ട് വന്ന് ഉൽപ്പാദനം കൂട്ടുവാൻ ലക്ഷ്യമിടുന്നു.

കൈത്തറി മേഖലയിൽ സംരഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്ത വിദ്യർക്ക് കൈത്തറി മേഖലയിൽ ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് സ്വയം തൊഴിൽ പരിശീലന സംരഭം. ഈ പദ്ധതി വഴിയും കൈത്തറി വസ്ത്ര ഉൽപ്പാദനം കൂട്ടുവാൻ ലക്ഷ്യമിടുന്നു. കേരള കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി കൈത്തറി മേളകൾ വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സമയങ്ങളിൽ ജില്ലാതല എക്സിബിഷനുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ എൻ.എച്ച്.ഡി.പി. യുടെ സഹായത്തോടെ നാഷണൽ ഹാൻഡ്ലൂം എക്സ്പോയും സ്റ്റേറ്റ് ഹാൻഡ്ലൂം എക്സ്പോയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഹാന്റക്സിന്റെ കേരളത്തിലെ 89 ഷോറൂമുകൾ വഴിയും

| | | | |
|---|---|---|---|
| | | | ഹാൻവീവിന്റെ 36 ഷോറൂമുകൾ വഴിയും കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി 20% റിബേറ്റും നൽകുന്നുണ്ട്. കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ shipmart.gov.in, 'ജെം പോർട്ടൽ' എന്നിവയിൽ രജിസ്റ്റർ ചെയ്യുന്നതിനായി സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ പുരോഗമിച്ചുവരുന്നു. ഇതുവഴി ആഗോളതലത്തിൽ കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം സാധ്യമാകുന്നു. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (K-bip) മുഖേന ഓൺലൈൻ വ്യാപാരത്തിനായി രൂപീകരിച്ച കേരള ഇ-മാർക്കറ്റ് പോർട്ടലിലൂടെയും വിപണി സാധ്യത ഒരുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ